# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.

ആർ.ഒ.സി. നമ്പർ 01/2016/ഇലക്ഷൻ തിരുവനന്തപുരം 20/02/2016.

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാർക്കിടയിൽ അംഗീകാരമുള്ള സംഘടനയെ തെരഞ്ഞെടുക്കുന്നതിനുള്ള ഹിതപരിശോധന 02.04.2016-ൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അന്തിമ വോട്ടർപട്ടിക ഇന്നേ ദിവസം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ താഴെപറയുന്ന സംഘടനകൾക്ക് അർഹതയുണ്ടായിരിക്കും.

1. തിരുവിതാംകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് ഫെഡറേഷൻ
2. തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റാഫ് ഓർഗനൈസേഷൻ
3. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ
4. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
5. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംഘ്
6. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് യൂണിയൻ

## തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സമയക്രമം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1. | നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | - 26.02.2016 വൈകുന്നേരം 5.00 മണി. |
| 2. | സൂക്ഷ്മ പരിശോധന | - 27.02.2016 വൈകുന്നേരം 3.00 മണി |
| 3. | നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി | - 01.03.2016 വൈകുന്നേരം 4.00 മണി |
| 4. | സ്ഥാനാർത്ഥി യൂണിയനുകളുടെ അന്തിമ ലിസ്റ്റ് | - 02.03.2016 |
| 5. | വോട്ടെടുപ്പ് | - 02.04.2016 രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ |
| 6. | വോട്ടെണ്ണലും ഫലപ്രഖ്യാപനവും | - 04.04.2016 ൽ നന്തൻകോടുള്ള സുമംഗലി ആഡിറ്റോറിയത്തിൽ വച്ച്. |

നാമനിർദ്ദേശ പത്രികകൾ ബോർഡ് ആസ്ഥാനത്തുള്ള റിട്ടേണിംഗ് ആഫീസറുടെ ആഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച നാമനിർദ്ദേശ പത്രികകൾ സമയക്രമമനുസരിച്ച് റിട്ടേണിംഗ് ആഫീസറുടെ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

ബോർഡ് ആസ്ഥാനവും, പമ്പ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസും, 19 അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസുകളും തൃക്കാരിയൂർ ഗ്രൂപ്പിൽ മൂവാറ്റുപുഴ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസും ഉൾപ്പെടുത്തി 22 പോളിംഗ് ബൂത്തുകളായി തീരുമാനിച്ചിട്ടുള്ളതാണ്.

പ്രചാരണ പരിപാടികൾ 30.03.2016 വൈകുന്നേരം 5.00 മണിക്ക് അവസാനിപ്പിക്കേണ്ടതാണ്.

റിട്ടേണിംഗ് ഓഫീസർ